(എ) സംസ്ഥാന സെക്രട്ടേറിയറ്റ് പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് നെറ്റ് സംവിധാനം ആവശ്യമുള്ളിടത്ത് അത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതൽ ;

(ബി) സംസ്ഥാന ഗവൺമെന്റും വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള പണമിടപാടുകൾ നടത്താൻ നെറ്റ് മണി ട്രാൻസ്ഫർ പോലുള്ള സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടറൈസേഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ അതും ഉൾപ്പെടുമെന്നതു പരിഗണിച്ച് അത് അടിയന്തരമായി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2001 മുതലാണ് സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടറൈസേഷൻ, നെറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയത്. ഘട്ടം ഘട്ടമായാണ് ആയത് പൂർത്തിയാക്കിയത്.

(ബി&സി) ട്രഷറിവഴി ട്രഷറിയിലേക്കോ, ഇ-പേയ്മെന്റ് ഗേറ്റ് വേവഴി ബാങ്കിലേക്കോ പണം സ്വീകരിക്കുവാനുമുള്ള സംവിധാനം നിലവിലുണ്ട്. മറ്റു വകുപ്പുകളിൽ പണമിടപാടുകൾ ഓൺലൈനായി നടപ്പിൽ വരുത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഐ.ടി. കയറ്റുമതി

263 (608) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പുതുതായി ആരംഭിച്ച സംരംഭങ്ങൾ എത്രയെന്നറിയിക്കുമോ ;

(ബി) കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഐ.ടി.കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഐ.ടി. പാർക്കുകളും KSITIL, STPI എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങളും ആരംഭിച്ച സംരംഭങ്ങളും താഴെപ്പറയുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോപാർക്ക്

ടെക്നോപാർക്കിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ വികസനം കൂടാതെ Phase-II, Phase-III, Technocity, Technopark, Kollam എന്നീ വിവിധ വികസന പദ്ധതികളിലെല്ലാം ഒരുക്കിയിരിക്കുന്ന ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ സംസ്ഥാനത്ത് കൂടുതൽ ഐ.ടി. വികസനവും ഐ.ടി. കയറ്റുമതിയും സാദ്ധ്യമാകുന്നതിന് സഹായിക്കുന്നു. വിവര സാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യപങ്കാളിത്തത്തോടുകൂടിയുള്ള പാർക്കുകൾ (പ്രൈവറ്റ് ഐ.ടി. പാർക്കുകൾ) ഉൾപ്പെടെയുള്ള ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, നിലവിലുള്ള ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, തുടങ്ങി ഐ.ടി. മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആവിഷ്കരിച്ച സർക്കാരിന്റെ പുതിയ ഐ.ടി. നയം, ടെക്നോപാർക്കിനുള്ള "ഏകജാലക" സംവിധാനം, ടെക്നോപാർക്കിന്റെ Phase-II, Phase-III, Technocity, Technopark Kollam എന്നീ എല്ലാ പദ്ധതികളിലുമുള്ള SEZ സ്ഥല സൗകര്യം, ടെക്നോപാർക്കിന്റെ പ്രത്യേക സാമ്പത്തിക മേഖലകളിലും അല്ലാതെയും (SEZ and Non SEZ) വൻകിട IT/ITES സംരംഭങ്ങൾക്കുൾപ്പെടെ ആവശ്യമായ ഭൂമി, അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, fully furnished Plug & Play മാതൃകയിലുള്ള ബിസിനസ്സ് ഓഫീസുകൾ (Smart Business Centre) തുടങ്ങിയവയുടെ ലഭ്യത, പരിസ്ഥിതി സൗഹാർദ്ദത്തോടും Indian Green Building Council (IGBC) -ൽനിന്നും ലഭിച്ച Gold Rating Certificate, അംഗീകാരത്തോടുകൂടിയും നിർമ്മാണം പൂർത്തിയാക്കിയ One Million sq.ft. വിസ്തീർണ്ണമുള്ള ഗംഗ-യമുന കെട്ടിയ സമുച്ചയം, ടെക്നോപാർക്കിനെ മറ്റ് ഐ.ടി. പാർക്കുകളേക്കാൾ കൂടുതൽ attractive green campus ആയി മാർക്കറ്റ് ചെയ്യാൻ സഹായിക്കുന്നു. കഴിഞ്ഞ 3 വർഷ കാലയളവിൽ കേരളത്തിലെ എല്ലാ ഐ.ടി. പാർക്കുകളും, കെ.എസ്.ഐ.റ്റി.ഐ.എൽ.-ഉം "Business Promotion" രംഗത്ത് SME മേഖലകളുമായി കൈകോർത്തിട്ടുള്ളതായ ഒരു നൂതന മാതൃകയാണ് ഐ.ടി. മേഖലയിൽ സ്വീകരിച്ചുവരുന്നത്. ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനൊപ്പം തന്നെ പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി വിദേശരാജ്യങ്ങളിലെ ഐ.ടി മേളകളിലും മറ്റും

പങ്കെടുക്കുന്നതിനായി അവസരം നൽകുകയും ഇതുവഴി ഏകദേശം 70-ഓളം SME കമ്പനികൾക്കും 20 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഗ്ലോബൽ എക്സ്പോഷറിനുള്ള അവസരം ലഭിച്ചു. ദേശീയ/അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്. ഇത് കൂടുതൽ ഐ.ടി. കയറ്റുമതിക്ക് വഴിയൊരുക്കും. സംസ്ഥാനത്തെ ഐ.ടി പാർക്കുകളുടെയും അവിടെ പ്രവർത്തിക്കുന്ന മറ്റ് ഐ.ടി. സംരംഭങ്ങളുടെയും വിപണനത്തിനായി പല യൂറോപ്യൻ രാജ്യങ്ങളിലും ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിലും നടന്ന ഐ.ടി. മേളകളിൽ വൻകിട ഐ.ടി. കമ്പനികളുടെ പ്രതിനിധികളോടൊപ്പം 5 വീതം സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുക, എക്സിബിഷൻ സ്റ്റാളിൽ അവർക്കും പ്രദർശന സൗകര്യങ്ങൾ നൽകുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ഇൻഫോപാർക്ക് :

കയറ്റുമതി ലക്ഷ്യമാക്കി കൂടുതൽ കമ്പനികൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പുതിയ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടുതൽ വ്യാപാരം ലഭ്യമാക്കാൻ വിദേശ രാജ്യങ്ങളിലേക്ക് പ്രതിനിധികളെ അയയ്ക്കാറുണ്ട്. മറ്റു രാജ്യങ്ങളുടെ Trade Facilitation Body-യുടെ സഹായത്തോടെ കമ്പനികൾക്ക് വിദേശരാജ്യങ്ങളിൽ വ്യാപാരം ചെയ്യുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിനുള്ള സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

KSITIL :

ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, ചേർത്തല, കൊരട്ടി, കോഴിക്കോട് എന്നീ ഐ.ടി. പാർക്കുകൾ പ്രവർത്തനസജ്ജമാണ്. കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകളിൽ അടിസ്ഥാനസൗകര്യങ്ങൾ KSITIL നടപ്പിലാക്കുന്നുണ്ട്. മലപ്പുറത്തും കോട്ടയത്തും ഐ.ടി.പാർക്ക് തുടങ്ങുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

STPI :

ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ, ഹാർഡ്വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങിയ സംരംഭങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

STPI ആവിഷ്കരിച്ചിട്ടുണ്ട്. ഡാറ്റാ കമ്മ്യൂണിക്കേഷൻ സേവനങ്ങൾ, മൂല്യവർദ്ധിത സേവനങ്ങൾ, വ്യാവസായിക ഐ.ടി./ഐ.ടി. അനുബന്ധ സേവനങ്ങൾ, ചെറുകിട ഇടത്തരം സംരംഭകരുടെ ഉന്നമനവും അതിലൂടെ ഐ.ടി./ഐ.ടി അനുബന്ധ സേവന സംരംഭക മേഖലയിൽ അനുകൂല സാഹചര്യം ഒരുക്കുന്നു.

(ബി) കോഴിക്കോട് സൈബർ പാർക്കിൽ 11,700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്തു. 2.84 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം പണി പുരോഗമിച്ചുവരുന്നു. പ്രസ്തുത കെട്ടിടം പണി പൂർത്തിയാക്കി 2016 ഏപ്രിലോടെ ഐ.ടി. സംരംഭകർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലം

264 (609) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സ്മാർട്ട് സിറ്റിക്കായി ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് ആകെ എത്ര വിസ്തൃതിയുള്ള സ്ഥലമാണ് വിട്ടുനൽകിയിട്ടുള്ളത് ; ഇതിൽ എത്ര ഹെക്ടർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലത്തിൽ എത്ര ഹെക്ടർ സ്ഥലത്തിന് സ്വതന്ത്രമായ വിൽപ്പന അവകാശം നൽകിയിട്ടുണ്ട് ;

(സി) ടീംകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടുനൽകിയ സ്ഥലത്തിന്റെ സ്വതന്ത്രമായ വിൽപ്പന അവകാശവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്താണെന്നും ഓരോ കരാറുകളും അനുസരിച്ച് വിട്ടുകൊടുത്ത ഭൂമിയിലെ ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അവകാശം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി സ്മാർട്ട് സിറ്റിക്കായി ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് 246 ഏക്കർ സ്ഥലമാണ് വിട്ടു നൽകിയിട്ടുള്ളത്. അതിൽ 232 ഏക്കർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(ബി) Frame work agreement പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly